**മധുരമായ കുട്ടികളേ - ഓർമ്മയിലിരിക്കുന്നതിനുള്ള പരിശ്രമം ചെയ്യൂ എങ്കിൽ പാവന മായിക്കൊണ്ടിരിക്കും, ഇപ്പോൾ ബാബ നിങ്ങളെ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ് ശേഷം കൂടെ കൊണ്ടു പോകും.**

**ചോദ്യം:-** ഏതൊരു സന്ദേശമാണ് നിങ്ങൾക്ക് എല്ലാവർക്കും നൽകേണ്ടത്?
**ഉത്തരം:-** ഇപ്പോൾ വീട്ടിലേയ്ക്ക് പോകണം അതിനാൽ പാവനമായി മാറൂ. പതിത പാവനനായ ബാബ പറയുകയാണ് എന്നെ ഓർമ്മിക്കൂ എങ്കിൽ പാവനമായി മാറും, ഈ സന്ദേശം എല്ലാവർക്കും നൽകൂ. ബാബ തന്റെ പരിചയം കുട്ടികൾക്ക് നൽകി, ഇപ്പോൾ നിങ്ങളുടെ കർത്തവ്യമാണ് ബാബയെ പ്രത്യക്ഷമാക്കുക. മകൻ അച്ഛനെ പ്രസിദ്ധനാക്കും എന്ന് പറയാറുണ്ട്.

**ഗീതം:-** മരിക്കുന്നതും അങ്ങയുടെ വഴിയിൽ...

**ഓം ശാന്തി**. കുട്ടികൾ ഗീതത്തിന്റെ അർത്ഥം കേട്ടു ബാബാ ഞങ്ങൾ അങ്ങയുടെ രുദ്ര മാലയിൽ കോർക്കപ്പെടുക തന്നെ ചെയ്യും. ഈ ഗീതം ഭക്തി മാർഗ്ഗത്തിൽ ഉണ്ടാക്കിയിട്ടുള്ളതാണ്, ലോകത്തിൽ എന്തെല്ലാം സാമഗ്രികളാണോ ഉള്ളത് ജപം-തപം, പൂജാദി കർമ്മങ്ങൾ ഇതെല്ലാം ഭക്തി മാർഗ്ഗമാണ്. ഭക്തി രാവണ രാജ്യം, ജ്ഞാനം രാമരാജ്യം. ജ്ഞാനത്തെയാണ് നോളജ് എന്ന് പറയുന്നത്, പഠിത്തം. ഭക്തിയെ പഠിത്തമെന്ന് പറയില്ല. അതിൽ നമുക്ക് ഇന്നതാകണം എന്ന ഒരു ഉദ്ദേശവുമില്ല, ഭക്തി പഠനമല്ല. രാജയോഗം പഠിക്കുക ഇത് പഠനമാണ്. പഠനം ഏതെങ്കിലുമൊരു സ്ഥാനം അല്ലെങ്കിൽ വിദ്യാലയത്തിലാണ് പഠിക്കുക. ഭക്തിയിലാണെങ്കിൽ ഓരോ വാതിലുകൾ തോറും അലഞ്ഞു കൊണ്ടിരിക്കുന്നു. പഠനമെന്നാൽ പഠനം. അതുകൊണ്ട് പഠിത്തം നല്ല രീതിയിൽ പഠിക്കണം. കുട്ടികൾക്കറിയാം നമ്മൾ വിദ്യാർത്ഥികളാണ്. സ്വയം വിദ്യാർത്ഥിയാണെന്ന് മനസ്സിലാക്കാത്ത ധാരാളം പേരുണ്ട്, എന്തുകൊണ്ടെന്നാൽ പഠിക്കുന്നതേയില്ല. അച്ഛനെ അച്ഛനെന്ന് മനസ്സിലാക്കുന്നില്ല, ശിവബാബയെ സദ്ഗതി ദാതാവെന്നും മനസ്സിലാക്കുന്നില്ല. ബുദ്ധിയിൽ ഒന്നും തന്നെ ഇരിക്കുന്നില്ല ഇങ്ങനെയുള്ളവരുമുണ്ട്, രാജധാനിയല്ലേ സ്ഥാപിക്കപ്പെടുന്നത്. അതിൽ എല്ലാ പ്രകാരത്തിലുള്ളവരും ഉണ്ടായിരിക്കും. ബാബ വന്നിരിക്കുന്നു പതിതരെ പാവനമാക്കുന്നതിന്. ബാബയെ വിളിക്കുന്നുണ്ട് - അല്ലയോ പതിത പാവനാ വരൂ. ഇപ്പോൾ ബാബ പറയുന്നു പാവനമാകൂ. ബാബയെ ഓർമ്മിക്കൂ. ഓരോരുത്തർക്കും ബാബയുടെ സന്ദേശം നൽകണം. ഈ സമയം ഭാരതം തന്നെയാണ് വേശ്യാലയം. മുൻപ് ഭാരതം തന്നെയായിരുന്നു ശിവാലയമായിരുന്നത്. ഇപ്പോൾ രണ്ട് കിരീടവുമില്ല. ഇപ്പോൾ പതിത പാവനനായ ബാബ പറയുന്നു എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങൾ പതിതത്തിൽ നിന്നും പാവനമായി മാറും ഇതും നിങ്ങൾ കുട്ടികൾ മാത്രമാണ് അറിയുന്നത്. ഓർമ്മയിൽ തന്നെയാണ് പരിശ്രമമുള്ളത്. ഓർമ്മയിൽ കഴിയുന്ന വളരെ കുറച്ച് പേരാണുള്ളത്. ഭക്തമാലയിലും കുറച്ച് പേരല്ലേ ഉള്ളത്. ശ്രേഷ്ഠ ഭക്തരിൽ, നാരദൻ, മീര തുടങ്ങിയവരുടെ പേരാണുള്ളത്. ഇതിലും എല്ലാവരും വന്ന് പഠിക്കില്ല. കൽപം മുൻപ് ആരാണോ പഠിച്ചത്, അവരാണ് വരുന്നത്. പറയുകയും ചെയ്യുന്നു ബാബാ ഞങ്ങൾ പഠിക്കുന്നതിനായി അഥവാ ഓർമ്മയുടെ യാത്ര അഭ്യസിക്കുന്നതിനായി അങ്ങയുമായി കൽപം മുൻപും കണ്ടുമുട്ടിയിരുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികളെ കൊണ്ടുപോകുന്നതിനായി ബാബ വന്നിരിക്കുന്നു. മനസ്സിലാക്കി തരുന്നു നിങ്ങളുടെ ആത്മാവ് പതിതമാണ് അതുകൊണ്ടാണ് വിളിക്കുന്നത് അല്ലയോ പതിത പാവനാ വരൂ. ഇപ്പോൾ ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ, പവിത്രമാകൂ. ബാബ പഠിപ്പിക്കുന്നു ശേഷം കൂടെ കൊണ്ടുപോകുകയും ചെയ്യും. കുട്ടികൾക്ക് ഉള്ളിൽ വളരെയധികം സന്തോഷമുണ്ടായിരിക്കണം. ബാബ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു, കൃഷ്ണനെ പിതാവെന്ന് പറയില്ല. കൃഷ്ണനെ പതിത-പാവനനെന്ന് പറിയില്ല. ഇതാർക്കും തന്നെ അറിയില്ല അതായത് ബാബയെന്ന് ആരെയാണ് പറയുന്നത് പിന്നീട് അവരെങ്ങനെ ജ്ഞാനം നൽകും. ഇത് നിങ്ങൾ മാത്രമാണ് അറിയുന്നത്. ബാബ സ്വന്തം പരിചയം കുട്ടികൾക്ക് മാത്രമാണ് നൽകുന്നത്. പുതിയവരുമായി ബാബയ്ക്ക് കൂടിക്കാഴ്ച നടത്താൻ സാധിക്കില്ല. ബാബ പറയുന്നു മകൻ അച്ഛനെ പ്രസിദ്ധമാക്കുന്നു. കുട്ടികൾ തന്നെയാണ് അച്ഛനെ പ്രസിദ്ധമാക്കുക. ബാബയ്ക്ക് ആരുമായും കൂടിക്കാഴ്ച നടത്തേണ്ടതോ, സംസാരിക്കേണ്ടതോ ഇല്ല. ഇത്രയും സമയം ബാബ പുതിയവരെ കണ്ടുകൊണ്ടിരിക്കുന്നുണ്ടെങ്കിലും, ഡ്രാമയിൽ ഉണ്ടായിരുന്നു, ധാരാളം പേർ വന്നിരുന്നു. പട്ടാളക്കാർക്കും ബാബ മനസ്സിലാക്കി കൊടുത്തിരുന്നു, അവരെ ഉദ്ധരിക്കണം, അവർക്കും ജോലി ചെയ്യുക തന്നെവേണം. അല്ലെങ്കിൽ ശത്രുക്കൾ യുദ്ധം ചെയ്യും. കേവലം ബാബയെ ഓർമ്മിക്കണം. ഗീതയിലുണ്ട് ആര് യുദ്ധ മൈതാനത്ത് ശരീരമുപേക്ഷിക്കുന്നോ, അവർ സ്വർഗ്ഗത്തിലേക്ക് പോകും. എന്നാൽ അങ്ങനെ പോകാൻ സാധിക്കില്ല.

സ്വർഗ്ഗസ്ഥാപകനും എപ്പോഴാണോ വരുന്നത് അപ്പോൾ മാത്രമേ പോകൂ. സ്വർഗ്ഗം എന്തു വസ്തുവാണ്, ഇതും ആർക്കും അറിയില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾ 5 വികാരങ്ങളാകുന്ന രാവണനോട് യുദ്ധം ചെയ്യുന്നു, ബാബ പറയുന്നു അശരീരിയായി ഭവിക്കൂ. സ്വയത്തെ ആത്മാവെന്ന് നിശ്ചയിച്ച് എന്നെ ഓർമ്മിക്കൂ. മറ്റാർക്കും ഇങ്ങനെ പറയാൻ സാധിക്കില്ല.

സർവ്വശക്തിമാനെന്ന് ഒരു ബാബയെയല്ലാതെ ആരെയും പറയാൻ സാധിക്കില്ല. ബ്രഹ്മാ-വിഷ്ണു-ശങ്കരനെയും പറയാൻ സാധിക്കില്ല. സർവ്വശക്തിവാൻ ഒരു ബാബ മാത്രമാണ്. വേൾഡ് സർവ്വശക്തി അധികാരി, ജ്ഞാനത്തിന്റെ സാഗരൻ ഒരു ബാബയെ മാത്രമാണ് പറയുന്നത്. ഈ സാധു-സന്യാസിമാർ ആരെല്ലാമാണോ ഉള്ളത് അവർ ശാസ്ത്രങ്ങളുടെ അധികാരികളാണ്. ഭക്തിയുടെയും അധികാരിയെന്ന് പറയില്ല. ശാസ്ത്രങ്ങളുടെ അധികാരിയാണ്, അവരുടെ മുഴുവൻ ആധാരവും ശാസ്ത്രങ്ങളിലാണ്. മനസ്സിലാക്കുന്നു ഭക്തിയുടെ ഫലം ഭഗവാന് നൽകുക തന്നെ വേണം. ഭക്തി എപ്പോൾ ആരംഭിച്ചു, എപ്പോൾ പൂർത്തീകരിക്കണം, ഇതറിയില്ല. ഭക്തർ മനസ്സിലാക്കുന്നു ഭക്തിയിലൂടെ ഭഗവാൻ സംപ്രീതനാകും. ഭഗവാനുമായി കാണുന്നതിനുള്ള ആഗ്രഹമുണ്ട്, എന്നാൽ ഭഗവാൻ ആരുടെ ഭക്തിയിലൂടെയാണ് സംപ്രീതനാകുക? തീർച്ചയായും ഭഗവാന്റെ തന്നെ ഭക്തി ചെയ്യണം അപ്പോഴല്ലേ സംപ്രീതനാകുക. നിങ്ങൾ ശങ്കരന്റെ ഭക്തി ചെയ്യുകയാണെങ്കിൽ ബാബയെങ്ങനെ സംപ്രീതനാകും, എന്താ ഹനുമാന്റെ ഭക്തി ചെയ്യുകയാണെങ്കിൽ ബാബ സംപ്രീതനാകുമോ? സാക്ഷാത്ക്കാരമുണ്ടാകുന്നു, മറ്റൊന്നും തന്നെ ലഭിക്കുന്നില്ല. ബാബ പറയുന്നു ഞാൻ സാക്ഷാത്ക്കാരം ചെയ്യിക്കുന്നു, എന്നാൽ എന്നെ വന്ന് കണ്ടുമുട്ടില്ല. അങ്ങനെയില്ല, നിങ്ങളാണ് എന്നോടൊപ്പം കൂടിക്കാഴ്ച നടത്തുന്നത്. ഭക്തർ ഭക്തി ചെയ്യുന്നു ഭഗവാനെ കാണുന്നതിനായി. പറയുന്നു അറിയില്ല ഭഗവാൻ ഏത് രൂപത്തിൽ വന്ന് കാണുമെന്ന്, അതുകൊണ്ടാണ് അതിനെ അന്ധവിശ്വാസമെന്ന് പറയുന്നത്. ഇപ്പോൾ നിങ്ങൾ ബാബയെ കണ്ടുമുട്ടിയിരിക്കുന്നു. അറിയാം ആ നിരാകാരനായ ബാബ എപ്പോഴാണോ ശരീരം ധാരണ ചെയ്യുന്നത് അപ്പോൾ മാത്രമാണ് തന്റെ പരിചയം നൽകുന്നത് അതായത് ഞാൻ നിങ്ങളുടെ പിതാവാണ്. അയ്യായിരം വർഷങ്ങൾക്ക് മുൻപും നിങ്ങൾക്ക് രാജ്യഭാഗ്യം നൽകിയിരുന്നു പിന്നീട് നിങ്ങൾക്ക് 84 ജന്മം എടുക്കേണ്ടിയിരുന്നു. ഈ സൃഷ്ടി ചക്രം കറങ്ങിക്കൊണ്ടിരിക്കുന്നു. ദ്വാപരത്തിന് ശേഷമാണ് മറ്റുധർമ്മങ്ങൾ വരുന്നത്, അവരവരുടെ ധർമ്മം വന്ന് സ്ഥാപിക്കുന്നു. ഇതിൽ മഹിമയുടെ ഒരു കാര്യവുമില്ല. മഹിമ ആർക്കും തന്നെയില്ല. ബ്രഹ്മാവിനും മഹിമ അപ്പോഴാണ് എപ്പോഴാണോ ബാബ വന്ന് പ്രവേശിക്കുന്നത്. അല്ലെങ്കിൽ ഇദ്ദേഹം വ്യാപാരം ചെയ്യുകയായിരുന്നു, എന്നിൽ ഭഗവാൻ വരുമെന്ന് ഇദ്ദേഹത്തിന് ഒരിക്കലും അറിയില്ലായിരുന്നു. ബാബ വന്ന് പ്രവേശിച്ച് മനസ്സിലാക്കി തന്നു ഞാൻ എങ്ങനെയാണ് ഇദ്ദേഹത്തിൽ പ്രവേശിച്ചിരിക്കുന്നത്. ഏതുപോലെയാണോ ഇദ്ദേഹത്തിന് കാണിച്ചുകൊടുത്തത് - എന്റേതെല്ലാം നിന്റേത്, നിന്റേതെല്ലാം എന്റേത്, നോക്കൂ. നീ എന്റെ സഹായിയാകുന്നു - തന്റെ ശരീരം-മനസ്സ്-ധനത്തിലൂടെ അതിന് പ്രതിഫലമായി നിനക്ക് ഇത് ലഭിക്കും. ബാബ പറയുന്നു-തന്റെ ജന്മങ്ങളെക്കുറിച്ച് അറിയാത്ത ഒരു സാധാരണക്കാരന്റെ ശരീരത്തിലാണ് ഞാൻ പ്രവേശിക്കുന്നത്. എന്നാൽ ഞാൻ എപ്പോഴാണ് വരുന്നത്, എങ്ങനെയാണ് വരുന്നത്, ഇതാർക്കും തന്നെ അറിയില്ല. ഇപ്പോൾ നിങ്ങൾ കാണുന്നു സാധാരണ ശരീരത്തിൽ ബാബ വന്നിരിക്കുന്നു. ഇദ്ദേഹത്തിലൂടെ നമ്മളെ ജ്ഞാനവും യോഗവും പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. ജ്ഞാനം വളരെ സഹജമാണ്. നരകത്തിന്റെ കവാടം അടഞ്ഞ് സ്വർഗ്ഗത്തിന്റെ കവാടം എങ്ങനെയാണ് തുറക്കുന്നത്- ഇതും നിങ്ങൾക്കറിയാം. ദ്വാപരത്തിലാണ് രാവണ രാജ്യം ആരംഭിക്കുന്നത് അർത്ഥം നരകത്തിന്റെ കവാടം തുറക്കുന്നത്. പുതിയ ലോകത്തെയും പഴയ ലോകത്തെയും പകുതി-പകുതിയാക്കി വയ്ക്കുന്നു. ഇപ്പോൾ ബാബ പറയുന്നു ഞാൻ നിങ്ങൾ കുട്ടികൾക്ക് പതിതത്തിൽ നിന്ന് പാവനമാകുന്നതിനുള്ള യുക്തി പറഞ്ഞു തരുന്നു. ബാബയെ ഓർമ്മിക്കുകയാണെങ്കിൽ ജന്മ-ജന്മാന്തരത്തെ പാപം നശിക്കും. ഈ ജന്മത്തെ പാപവും പറയണം. ഓർമ്മയിലില്ലേ - എന്തെല്ലാം പാപങ്ങൾ ചെയ്തിട്ടുണ്ട്? എന്തെന്തെല്ലാം ദാന-പുണ്യങ്ങൾ ചെയ്തിട്ടുണ്ട്? ഇദ്ദേഹത്തിന് തന്റെ കുട്ടിക്കാലമറിയില്ലേ. കൃഷ്ണന്റെ തന്നെ പേരാണ് കറുത്തതും വെളുത്തതും, ശ്യാമ സുന്ദരൻ. അതിന്റെ അർത്ഥം ഒരിക്കലും ആരുടെയും ബുദ്ധിയിലേക്ക് വരില്ല. പേര് ശ്യാമ-സുന്ദരൻ എന്നായതുകൊണ്ട് ചിത്രത്തിൽ കറുപ്പിച്ചിരിക്കുന്നു. രഘുനാഥ ക്ഷേത്രത്തിൽ നോക്കൂ- അവിടെയും കറുപ്പ്, ഹനുമാന്റെ ക്ഷേത്രത്തിൽ നോക്കൂ, അങ്ങനെ എല്ലാവരെയും കറുപ്പിക്കുന്നു. ഇത് പതിത ലോകമാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ചിന്തയുണ്ട് എനിക്ക് കറുപ്പിൽ നിന്ന് വെളുക്കണം. അതിന് വേണ്ടി നിങ്ങൾ ബാബയുടെ ഓർമ്മയിൽ ഇരിക്കുന്നു. ബാബ പറയുന്നു ഇത് അന്തിമ ജന്മമാണ്. എന്നെ ഓർമ്മിക്കുകയാണെങ്കിൽ പാപം ഭസ്മമാകും. ബാബ കൊണ്ടു പോകാൻ വന്നിരിക്കുകയാണെന്ന് അറിയാം. അപ്പോൾ ശരീരം തീർച്ചയായും ഇവിടെ ഉപേക്ഷിക്കും. ശരീര സഹിതം ഒരിക്കലും കൊണ്ടുപോകില്ല. പതിത ആത്മാക്കൾക്കും പോകാൻ സാധിക്കില്ല. തീർച്ചയായും ബാബ പാവനമാകുന്നതിനുള്ള യുക്തി പറഞ്ഞു തരും. പറയുന്നു എന്നെ ഓർമ്മിക്കൂ എങ്കിൽ വികർമ്മം

വിനാശമാകും. ഭക്തി മാർഗ്ഗത്തിലുള്ളത് അന്ധവിശ്വാസമാണ്. ശിവ കാശിയെന്ന് പറയുന്നു പിന്നീട് പറയുന്നു ശിവൻ ഗംഗ കൊണ്ടുവന്നു, ഭഗീരഥനിലൂടെ ഗംഗ വന്നു. ഇപ്പോൾ തലയിൽ നിന്ന് എങ്ങനെ ജലം വരും. ജടയിൽ നിന്ന് ഗംഗ വരാൻ ഭഗീരഥനെന്താ പർവ്വതത്തിന് മുകളിലെവിടെയെങ്കിലുമാണോ ഇരിക്കുന്നത്! വർഷിക്കുന്ന ജലം സാഗരത്തിൽ നിന്ന് ഉയരുന്നതാണ്, അങ്ങനെ മുഴുവൻ ലോകത്തിലേക്കും ജലം പോകുന്നു. നദികൾ എല്ലായിടങ്ങളിലുമുണ്ട്. പർവ്വതങ്ങളിൽ മഞ്ഞ് ശേഖരിക്കപ്പെടുന്നു, ആ ജലവും ഒഴുകിക്കൊണ്ടിരിക്കുന്നു. പർവ്വതങ്ങൾക്കുള്ളിൽ ഗർത്തങ്ങളിലുള്ള ജലം പിന്നീട് കിണറുളിലേക്കും വന്നുകൊണ്ടിരിക്കുന്നു. അതും മഴയുടെ ആധാരത്തിൽ തന്നെയാണുള്ളത്. മഴ പെയ്തില്ലെങ്കിൽ കിണറുകളും വറ്റിപ്പോകുന്നു.

പറയുന്നുമുണ്ട് ബാബാ ഞങ്ങളെ പാവനമാക്കി സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകൂ. സ്വർഗ്ഗത്തിന്റെ, കൃഷ്ണപുരിയുടെ തന്നെ ആശയാണുള്ളത്. വിഷ്ണുപുരിയെക്കുറിച്ച് ആർക്കും അറിയില്ല. കൃഷ്ണന്റെ ആരാധകർ പറയും - എവിടെ നോക്കിയാലും കൃഷ്ണൻ തന്നെ കൃഷ്ണൻ. നോക്കൂ, പരമാത്മാവ് സർവ്വവ്യാപിയാണെങ്കിൽ എന്തുകൊണ്ട് എവിടെ നോക്കിയാലും പരമാത്മാവ് തന്നെ പരമാത്മാവെന്ന് പറയുന്നില്ല. പരമാത്മാവിന്റെ ആരാധകർ പിന്നീട് പറയുന്നു ഇതെല്ലാം പരമാത്മാവിന്റെ തന്നെ രൂപങ്ങളാണ്. ആ പരമാത്മാവാണ് ഈ എല്ലാ ലീലകളും കളിച്ചുകൊണ്ടിരിക്കുന്നത്. ലീല കളിക്കുന്നതിനായി ഭഗവാൻ രൂപം ധരിച്ചിരിക്കുകയാണ്. അപ്പോൾ തീർച്ചയായും ഇപ്പോൾ ലീല കളിക്കില്ലേ. പരമാത്മാവിന്റെ ലോകം സ്വർഗ്ഗത്തിൽ നോക്കൂ, അവിടെ മാലിന്യത്തിന്റെ യാതൊരു കാര്യവുമില്ല. ഇവിടെ മാലിന്യം തന്നെ മാലിന്യമാണ് എന്നിട്ട് പറയുന്നു പരമാത്മാവ് സർവ്വ വ്യാപിയാണെന്ന്. പരമാത്മാവ് തന്നെയാണ് സുഖം നൽകുന്നത്. കുട്ടി വന്നു സുഖമുണ്ടായി, മരിച്ചാൽ ദുഃഖമുണ്ടാകും. നോക്കൂ, ഭഗവാൻ നിങ്ങൾക്കൊരു വസ്തു നൽകി പിന്നീട് തിരിച്ചെടുത്താൽ അതിൽ നിങ്ങൾക്ക് കരയേണ്ട എന്താവശ്യമാണുള്ളത്! സത്യയുഗത്തിൽ ഈ കരച്ചിൽ മുതലായവയുടെ ദുഃഖമുണ്ടായിരിക്കില്ല. മോഹജീത്ത് രാജാവിന്റെ ദൃഷ്ടാന്തം കാണിച്ചിട്ടുണ്ട്. ഇതെല്ലാം അസത്യമായ ദൃഷ്ടാന്തങ്ങളാണ്. അതിൽ യാതൊരു സാരവുമില്ല. സത്യയുഗത്തിൽ ഋഷിമാരും-മുനിമാരും ഉണ്ടായിരിക്കില്ല. ഇവിടെയും അങ്ങനെയുള്ള കാര്യം സാധ്യമല്ല. ഇങ്ങനെയൊരു മോഹജീത്ത് രാജാവ് ഉണ്ടായിരിക്കുക സാധ്യമല്ല. ഭഗവാനുവാച - യാദവരും, കൗരവരും, പാണ്ഢവരും എന്ത് ചെയ്തു? നിങ്ങൾക്ക് ബാബയുമായി യോഗമുണ്ട്. ബാബ പറയുന്നു ഞാൻ നിങ്ങൾ കുട്ടികളിലൂടെ സ്വർഗ്ഗം സ്ഥാപിക്കുന്നു. ഇപ്പോൾ ആര് പവിത്രമാകുന്നോ അവർ പവിത്ര ലോകത്തിന്റെ അധികാരിയാകും. ആരെ കണ്ടുമുട്ടിയാലും അവരോടിത് പറയൂ ഭഗവാൻ പറയുന്നു എന്നെ മാത്രം ഓർമ്മിക്കൂ. എന്നോട് പ്രീതി വയ്ക്കൂ മറ്റാരെയും ഓർമ്മിക്കരുത്. ഇതാണ് അവ്യഭിചാരി ഓർമ്മ. ഇവിടെ ജലം അഭിഷേകം ചെയ്യേണ്ടതില്ല. ഭക്തിമാർഗ്ഗത്തിൽ ഈ കാര്യങ്ങളെല്ലാം ചെയ്ത്, ഓർമ്മിച്ചിരുന്നില്ലേ. ഗുരുക്കൻമാരും പറയുന്നു, എന്നെ ഓർമ്മിക്കൂ, തന്റെ പതിയെ ഓർമ്മിക്കരുത്. നിങ്ങൾ കുട്ടികൾക്ക് എത്ര കാര്യങ്ങളാണ് മനസ്സിലാക്കി തരുന്നത്. അടിസ്ഥാന കാര്യമാണ് എല്ലാവർക്കും സന്ദേശം നൽകൂ - ബാബ പറയുന്നു എന്നെ മാത്രം ഓർമ്മിക്കൂ. ബാബയെന്നാൽ ഭഗവാൻ തന്നെയാണ്. ഭഗവാൻ നിരാകാരനാണ്. കൃഷ്ണനെ എല്ലാവരും ഭഗവാനെന്ന് പറയില്ല. കൃഷ്ണൻ കുട്ടിയാണ്. ശിവബാബ ഇദ്ദേഹത്തിൽ ഇല്ലായിരുന്നെങ്കിൽ നിങ്ങൾ എന്താകുമായിരുന്നു? ശിവബാബ ഇദ്ദേഹത്തിലൂടെ നിങ്ങളെ ദത്തെടുത്തു, തന്റേതാക്കി. ഇദ്ദേഹം മാതാവുമാണ്, പിതാവുമാണ്. മാതാവ് സാകാരത്തിൽ വേണ്ടേ. ബാബ പിതാവാണ്. ഇങ്ങനെ-ഇങ്ങനെയുള്ള കാര്യങ്ങൾ നല്ല രീതിയിൽ ധാരണ ചെയ്യൂ.

നിങ്ങൾ കുട്ടികൾക്ക് ഒരിക്കലും ഒരു കാര്യത്തിലും സംശയം വരരുത്. പഠനത്തെ ഒരിക്കലും ഉപേക്ഷിക്കരുത്. പല കുട്ടികളും സംഗദോഷത്തിൽ വന്ന് പിണങ്ങി സ്വന്തം പാഠശാല തുറക്കുന്നു. അഥവാ പരസ്പരം കലഹിച്ച് തന്റെ പാഠശാല തുറന്നാൽ മഠയത്വമാണ്, പിണങ്ങിയാൽ പാഠശാല തുറക്കാൻ യോഗ്യനേയല്ല. നിങ്ങളുടെ ആ ദേഹ-അഭിമാനം നടക്കുകയില്ല എന്തുകൊണ്ടെന്നാൽ ബുദ്ധിയിൽ ശത്രുതയുണ്ട് അതോർമ്മവരും. ഒന്നും തന്നെ ആർക്കും മനസ്സിലാക്കി കൊടുക്കാൻ സാധിക്കില്ല. ആർക്ക് ജ്ഞാനം കൊടുക്കുന്നോ അവർ തീവ്രമായി പോകും സ്വയം വീണു പോകുന്നു, ഇങ്ങനെയും സംഭവിക്കാറുണ്ട്. സ്വയം തന്നെ മനസ്സിലാക്കാൻ സാധിക്കും എന്നെക്കാളും അവരുടെ അവസ്ഥ നല്ലതാണ്. പഠിക്കുന്നവർ രാജാവായി മാറുന്നു പഠിപ്പിക്കുന്നവർ ദാസ-ദാസിയായി മാറുന്നു, ഇങ്ങനെയിങ്ങനെയുമുണ്ട്. പുരുഷാർത്ഥം ചെയ്ത് ബാബയുടെ കഴുത്തിലെ മാലയാകണം. ബാബാ ജീവിച്ചിരിക്കെ ഞാൻ അങ്ങയുടേതാണ്. ബാബയുടെ ഓർമ്മയിലൂടെ തന്നെ തോണി അക്കരെയെത്തണം. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം

1) ഒരിക്കലും ഒരു കാര്യത്തിലും സംശയിക്കരുത്. പരസ്പരം പിണങ്ങി പഠിപ്പ് ഉപേക്ഷിക്കരുത്. ശത്രുതയുണ്ടാക്കുന്നതും ദേഹാഭിമാനമാണ്. സംഗദോഷത്തിൽ നിന്ന് തന്നെ വളരെ വളരെ സംരക്ഷിക്കണം. പാവനമായി മാറണം, തന്റെ പെരുമാറ്റത്തിലൂടെ ബാബയെ പ്രസിദ്ധമാക്കണം.

2) പ്രീത ബുദ്ധിയായി മാറി ഒരു ബാബയുടെ അവ്യഭിചാരി ഓർമ്മയിലിരിക്കണം. ശരീരം-മനസ്സ്-ധനത്തിലൂടെ ബാബയുടെ കാര്യത്തിൽ സഹായിയായി മാറണം.

## വരദാനം:- സ്നേഹിയും വേറിട്ടവരുമാകാനുള്ള രഹസ്യത്തെ അറിഞ്ഞ് പ്രീതിയോടെയിരിക്കുന്ന രഹസ്യയുക്തരായി ഭവിക്കട്ടെ.

ഏത് കുട്ടികളാണോ ഗൃഹസ്ഥത്തിലിരുന്നുകൊണ്ടും സ്നേഹിയും വേറിട്ടിരിക്കുവാനുമുള്ള രഹസ്യത്തെ അറിയുന്നത് അവർ സദാ സ്വയം സ്വയത്തോട് സ്നേഹിയായിരിക്കും, കുടുംബത്തോടും സ്നേഹം വെക്കുന്നു. അതോടൊപ്പം സത്യമായ ഹൃദയമായത് കാരണം ബാബയും അവരോട് സദാ സ്നേഹിയായിരിക്കും. അപ്രകാരം സ്നേഹിയായിരിക്കുന്ന രഹസ്യയുക്തരായ കുട്ടികൾക്ക് സ്വയത്തെ പ്രതിയും മറ്റുള്ളവരെ പ്രതിയും ആരെയും ആശ്രയിക്കേണ്ട ആവശ്യമില്ല, എന്തുകൊണ്ടെന്നാൽ അവർ തന്റെ തീരുമാനം സ്വയം തന്നെ എടുക്കുന്നു. അതിനാൽ അവർക്ക് ആരെയും സഹായിയോ വക്കീലോ ജഡ്ജിയോ ആക്കേണ്ട ആവശ്യമേയില്ല.

## സ്ലോഗൻ:- സേവനത്തിൽ ലഭിക്കുന്ന ആശീർവാദങ്ങൾ തന്നെയാണ് ആരോഗ്യത്തിന്റെ ആധാരം.

**അവ്യക്ത സൂചനകൾ- ആത്മീയ റോയൽറ്റിയുടെയും പവിത്രതയുടെയും വ്യക്തിത്വം ധാരണ ചെയ്യൂ.**
സ്ഥൂലശരീരത്തിന് വിശേഷിച്ച് ശ്വസനം നടക്കുക അത്യാവശ്യമാണ്, ശ്വാസമില്ലെങ്കിൽ ജീവിതമില്ല എന്നത് പോലെ ബ്രാഹ്മണ ജീവിതത്തിന്റെ ശ്വാസമാണ് പവിത്രത. 21 ജന്മത്തേക്കുള്ള പ്രാലബ്ധത്തിന്റ ആധാരം പവിത്രതയാണ്. ആത്മാവിന്റെയും പരമാത്മാവിന്റെയും മിലനത്തിന്റെ ആധാരം പവിത്ര ബുദ്ധിയാണ്. സംഗമയുഗീ പ്രാപ്തികളുടെ ആധാരവും ഭാവിയിലെ പൂജ്യപദവി പ്രാപ്തമാക്കാനുള്ള ആധാരവും പവിത്രതയാണ്. അതിനാൽ പവിത്രതയുടെ വ്യക്തിത്വത്തെ വരദാനരൂപത്തിൽ ധാരണ ചെയ്യൂ.